# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.453. 07.01.2014 ൽ മറുപടിയ്ക്ക്.

## ഓട്ടോറിക്ഷകളിൽ ഫെയർമീറ്റർ

| ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|
| (എ) ഓട്ടോറിക്ഷകളിൽ ഫെയർമീറ്റർ ഘടിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | ഓട്ടോറിക്ഷകളിൽ ഫെയർമീറ്റർ നിർബന്ധമാക്കിയിട്ടുണ്ട്. വാഹന രജിസ്ട്രേഷൻ സമയത്തും ഫിറ്റ്നെസ് ടെസ്റ്റിനായി വാഹനം കൊണ്ടുവരുമ്പോഴും ഇവ ഘടിപ്പിച്ചിട്ടുണ്ടെന്നും പ്രവർത്തനക്ഷമമാണെന്നും ഉറപ്പ് വരുത്തുന്നുണ്ട്. |
| (ബി) പല ജില്ലകളിലും മീറ്റർ ഘടിപ്പിച്ച ഓട്ടോകളിലെ മീറ്ററുകൾ പ്രവർത്തിപ്പിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(സി) എങ്കിൽ, ഇവ പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി)<br>&<br>(സി) | ഉണ്ട്. വാഹന പരിശോധന ദിനംപ്രതി നടത്തണമെന്ന 17/06/2013 ലെ ഗതാഗത കമ്മീഷണറുടെ പ്രത്യേക നിർദ്ദേശ പ്രകാരം വാഹന പരിശോധന നടത്തുമ്പോൾ ഇക്കാര്യവും പരിശോധിക്കുകയും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ഡി) മീറ്ററിൽ കാണിച്ച തുകയേക്കാൾ കൂടുതൽ തുക ആവശ്യപ്പെടുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | (ഡി) | ടാക്സി - ഓട്ടോറിക്ഷാ നിരക്കുകൾ പുതുക്കി നിശ്ചയിച്ചുകൊണ്ട് 30/11/2012 ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ.77/12/ഗതാ. പ്രകാരം സംസ്ഥാനത്തിന്റെ ഏത് സ്ഥലത്തും രാത്രി 10 മണിമുതൽ രാവിലെ 5 മണിവരെയുള്ള ഓട്ടോറിക്ഷ യാത്രകൾക്ക് മീറ്റർ ചാർജിന്റെ 50% തുക കൂടി അധികമായി വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. പകൽ സമയത്ത് രാവിലെ 5 മണിക്കും രാത്രി 10 മണിയ്ക്കും ഇടയ്ക്ക് തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷൻ മേഖലകളിലും കണ്ണൂർ, പാലക്കാട്, കോട്ടയം എന്നീ മേജർ ടൗണുകളിലും മീറ്ററിൽ കാണുന്ന ചാർജ്ജ് മാത്രമേ ഓട്ടോറിക്ഷകളിൽ ഈടാക്കാവൂ. എന്നാൽ ഇതേ സമയത്ത് ഈ കോർപ്പറേഷനുകളുടേയും മേജർ |

| | | |
|---|---|---|
| | | റൗണ്ടുകളുടേയും പരിധിയ്ക്കപ്പുറമുള്ള ഏത്യ സ്ഥലത്തും ഒരു ദിശയിലേക്കുള്ള യാത്രയോടൊപ്പം മടക്ക യാത്രയുമുണ്ടെങ്കിൽ ഫെയർമീറ്ററിൽ കാണുന്ന തുകയും, മടക്കയാത്ര ഇല്ലാതെ ഒരു ദിശയിലേക്കുള്ള യാത്ര മാത്രമേ ഉള്ളൂ എങ്കിൽ മീറ്ററിൽ കാണുന്ന തുകയിൽനിന്നും മിനിമം ചാർജ്ജ് കുറച്ച് കിട്ടുന്ന തുകയുടെ 50% കൂടി മീറ്റർ ചാർജ്ജിനോടൊപ്പം അധികമായി ഈടാക്കുന്നതിനും ടി സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.